"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 06.06.2020-ൽ മരണമടഞ്ഞ എൻ.വി.സതീശന്റെ മകൻ ശ്രീ.കിരൺദാസ്.എൻ.എസ്-ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.3097/2025/LSGD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. സ.ഉ(പി)നം.12/99/ഉഭപവ തീയതി 24.05.1999
2. സ.ഉ (പി)നം.4/2025/ഉഭപവ തീയതി 29.03.2025
3. 18.05.2004-ലെ 6678./ഉപ.സി.02/2004/ഉഭപവ നമ്പർ സർക്കുലർ.
4. 26.03.2023-ലെ ഇയു1/61/2023/തസ്വഭവ നമ്പർ കത്ത്.
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025 തീയതിയിലെ LSGD/PD/16673/2024-DEE7 നമ്പർ കത്ത്

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 06.06.2020-ൽ മരണമടഞ്ഞ എൻ.വി സതീശന്റെ മകൻ ശ്രീ.കിരൺദാസ്.എൻ.എസ് (നടുവിലത്തറ ഹൗസ്, എൻ.എം.മാധവൻ റോഡ് ഇടക്കൊച്ചി ,കൊച്ചി-682010) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ബാധകമായിരുന്ന പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ ടിയാളുടെ ആശ്രിതൻ മേജർ ആണെങ്കിൽ ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2) ശ്രീ.കിരൺദാസ്.എൻ.എസ് 19.02.2023-ൽ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയിരുന്നെങ്കിലും ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. ടി മാപ്പപേക്ഷ പരാമർശം (4) സർക്കാർ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ച് നൽകിയിരുന്നു.

3) പ്രിൻസിപ്പൽ ഡയറക്ടർ, പരാമർശം (5) കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ള, ശ്രീ.കിരൺദാസ്-ന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിലെ Appendix A & item 5 of Appendix B, യും അനുബന്ധരേഖകളും 07.12.2023 തീയതിയായുള്ളതാണ്. ടി അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നതും അപേക്ഷകൻ തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുന്നതുമായ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷയിൽ ടിയാൻ

28.09.2022 ലാണ് ആശ്രിതനിയമന അപേക്ഷ സമർപ്പിച്ചതെന്നും കാലതാമസം മാപ്പാക്കി ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചതായി കാണുന്നു. 06.06.2020-ൽ മരണമടഞ്ഞ പിതാവിന്റെ മകനായ ശ്രീ.കിരൺദാസ്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 07.12.2023 -ലാണ് .

4) പിതാവിന്റെ മരണശേഷം കോവിഡ് രോഗം മൂലം ഗവൺമെന്റ് ഓഫീസുകൾ പ്രവർത്തിക്കാതിരുന്നതിനാലും, യാത്രചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ തയ്യാറാക്കുന്നതിന് കാലതാമസം ഉണ്ടായതിനാലാണ് ആശ്രിതനിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ടിയാൻ അറിയിച്ചിരിക്കുന്നു. എറണാകുളം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാണ് ടിയാൻ അപേക്ഷിച്ചിരിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരവെ 06.06.2020-ൽ മരണമടഞ്ഞ എൻ.വി സതീശന്റെ മകൻ ശ്രീ.കിരൺദാസ്.എൻ.എസ്-ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി നഗരസഭ
ശ്രീ.കിരൺദാസ്.എൻ.എസ്- (നടുവിലത്തറ ഹൗസ്, എൻ.എം.മാധവൻറോഡ്, ഇടക്കൊച്ചി, കൊച്ചി-682010)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 30-12-2025 15:11:01
സെക്ഷൻ ഓഫീസർ